# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 357 — 23.01.2018 — ൽ മറുപടിക്ക്

## റേഷൻ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എ.പി. അനിൽ കുമാർ<br>,, അനൂപ് ജേക്കബ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |

(എ) റേഷൻ കടക്കാർ ഒരു മാസം കുറഞ്ഞത് 75 ക്വിന്റൽ റേഷൻ വിതരണം ചെയ്താൽ മാത്രമെ 16,000 രൂപ പ്രതിമാസം വേതനം നൽകുയെന്ന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഭൂരിപക്ഷം റേഷൻ കടകളിലും 75 ക്വിന്റൽ റേഷൻ സാധനങ്ങൾ പ്രതിമാസം വിതരണം ചെയ്യുന്നില്ല എന്നതിനാൽ ഇതിൽ എന്തെങ്കിലും ഇളവ് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(എ) യും (ബി) യും മിനിമം കമ്മീഷൻ തുകയായ 16,000/- രൂപ ലഭിക്കുന്നതിന് പ്രതിമാസം കുറഞ്ഞത് 45 ക്വിന്റൽ ഭക്ഷ്യ ധാന്യമെങ്കിലും വിതരണം നടത്തേണ്ടതാണ്. എന്നാൽ 3/18 വരെ സപ്പോർട്ടീവ് പേയ്മെന്റ് നൽകി 16,000/- രൂപ നൽകുന്നതാണ്. വിൽപ്പനയിലുണ്ടാകുന്ന കുറവിന് ആനുപാതികമായി റേഷൻ വ്യാപാരിക്ക് ലഭിക്കുന്ന ഡീലേഴ്സ് മാർജിനിലും കുറവുണ്ടാകുന്നത് പരിഹരിക്കുവാൻ റേഷൻ കാർഡുകളുടെ എണ്ണവും ഭക്ഷ്യ ധാന്യത്തിന്റെ അളവും ഏകദേശം ശരാശരി തുക എല്ലാ കടകൾക്കും കമ്മീഷൻ ലഭിക്കുന്ന രീതിയിൽ 2018 മാർച്ച് 31-ന് മുമ്പ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) റേഷൻ വിതരണത്തിൽ പരക്കെ കാണപ്പെടുന്ന ക്രമക്കേടുകൾക്കും തട്ടിപ്പിനും അറുതി വരുത്തുവാൻ ഇ-പോസ് സംവിധാനം ഫലവത്തായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) 2018 മാർച്ച് 31-ന് മുമ്പ് തന്നെ എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കാർഡ് ഉടമയ്ക്കോ, കാർഡിൽ പേരുള്ള വ്യക്തികൾക്കോ മാത്രമേ ഇ-പോസ് സംവിധാനത്തിൽ റേഷൻ വാങ്ങുവാൻ കഴിയൂ എന്നതിനാൽ പ്രായമായവരും രോഗികളായവരും മാത്രം താമസിക്കുന്ന വീടുകളിൽ റേഷൻ ലഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(ഡി) റേഷൻ കടകളിൽ നേരിട്ടെത്തി സാധനങ്ങൾ കൈപ്പറ്റാൻ സാധിക്കാത്തവർക്ക് പ്രോക്സി (രേഖാമൂലം ചുമതലപ്പെടുത്തുന്ന വ്യക്തിക്ക് നൽകുന്നതിന്) സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ